തുകൊണ്ട് ഭൂഗർഭ ജലവിധാനത്തിലുണ്ടാകുന്ന വ്യതിയാനവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ജി) എങ്കിൽ ഇതുമൂലമുണ്ടായിട്ടുള്ള നഷ്ടം എത്ര രൂപയുടെതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) തിരുവനന്തപുരം ജില്ലയ്ക്കാകെ കൂടി വെള്ളത്തിന്റെ ശ്രോതസ്സായ കരമനയാറ്റിൽനിന്നും ദീർഘനാളായി മണൽവാരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഐ) സർക്കാർ നിയന്ത്രണങ്ങളും കോടതി ഉത്തരവും പൂർണ്ണമായി നടപ്പാക്കി സംസ്ഥാനത്തെ എല്ലാ നദികളിലും നടന്നുവരുന്ന അനധികൃത മണൽവാരൽ അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃത മണലൂറ്റ് ശ്രദ്ധയിൽപ്പെടുമ്പോൾ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചൽ എന്നീ നദികളിൽ നിന്ന് മണൽ വരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി)&(ഇ) സംസ്ഥാനത്തെ നദികളിൽ നിന്നും മണലൂറ്റ് നിയന്ത്രിക്കുവാനും, നദികളെ സംരക്ഷിക്കുവാനും ജില്ലാ കളക്ടർമാരെ അദ്ധ്യക്ഷന്മാരാക്കി റിവർ മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഉത്തരവാദപ്പെട്ടവരുടെ അലംഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) റവന്യൂവകുപ്പിൽ തിട്ടപ്പെടുത്തിയിട്ടില്ല.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(1495) മണൽ വാരുന്നതിൽ നിന്നുള്ള വരുമാനം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽനിന്നും പ്രതിദിനം എത്ര ടൺ മണൽവാരുന്നുണ്ട്;

(ബി) മണൽവാരുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് ഈ ഗവണ്മെന്റ് വന്നതിനുശേഷം ഇതുവരെ എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) മണൽവാരുന്നതിനനുസരിച്ച് തുക ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതിദിനം 64060.6 ടൺ മണൽ വാരുന്നുണ്ട്.

(ബി) 3,0014,586 രൂപ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്.

(സി) തുക ലഭിക്കുന്നുണ്ട്.

(1496) അനധികൃത മണലൂറ്റ് തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ മണൽവാരൽ ഔദ്യോഗികമായി അനുവദിച്ചിട്ടുള്ള മണൽവാരൽ കടവുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) താലൂക്കിൽ അംഗീകാരമില്ലാതെ ഏതൊക്കെ സ്ഥലങ്ങളിലും കടവുകളിലും മണൽവാരൽ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അംഗീകാരമില്ലാതെയുള്ള മണലൂറ്റ് തടയുന്നതിന് ചുമതലപ്പെട്ട അധികാരികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) അനധികൃത മണലൂറ്റ് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചിറയിൻകീഴ് താലൂക്കിൽ വടക്കേക്കോട്ടുകടവ്, പാറയിൻകടവ്, വലിയപാലകടവ്, ആനത്തലവട്ടം യു.പി.എസ്. കടവ്, മണക്കണ്ഡം കടവ്. കരുത്തുവാ കടവ്, പുളിമുട്ടുകടവ്, അഞ്ചൽ കടവ്, പെരുമാതുറ താഴംപള്ളി പൊഴികടവ്, അയന്തികടവ്, കിഴക്കുംപുറം, പകൽകുറി ക്ഷേത്രകടവ്, പുല്ലാ തോട്ടം, കരിയക്കോട്, തുപ്പുകണ്ടം, ഇരിഞ്ച, തോംപാരകുളം, ലക്ഷംകടവ്, കുരുത്തോലകടവ്, മുട്ടാമൂലക്കടവ്, പൂവംപാറ കടവ്, കൈപ്പറ്റിമാക്കുകടവ് എന്നീ കടവുകൾ ആണ് ഉള്ളത്.

(ബി) വാമനപുരം നദീതീരത്തുള്ള എല്ലാ കടവുകളിലും അംഗീകാര മില്ലാതെ മണൽ വാരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വില്ലേജ് ആഫീസർമാരും, തഹസീൽദാർമാരും, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ ആണ് ചുമതലപ്പെട്ടവർ.

(ഡി) കേരള ഭൂസംരക്ഷണ നിയമപ്രകാരവും. കേരള മൈനർ മിനറൽ കൺസർവേഷൻ റൂൾ അനുസരിച്ചും ശിക്ഷാനടപടികൾ എടുത്തുവ രുന്നു;

(ഇ) ശ്രദ്ധയിൽപ്പെട്ടാൽ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly